**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 483** **02-02-2023 - ൽ മറുപടിയ്ക്ക്**

**നെന്മാറ നിയോജക മണ്ഡലത്തിന് അനുവദിച്ച ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിന് അനുവദിച്ച ആസ്തിവികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവയിലൂടെ നടത്തിയ പ്രവൃത്തികളുടെ ടെൻഡർ സേവിംഗ്സ് ഇനത്തിൽ എത്ര തുകയാണ് ബാക്കിയുള്ളതെന്ന് വിശദമാക്കുമോ; | (എ) | 04.08.2018-ലെ സ.ഉ.(അച്ചടി)നം. 119/2018/ധന പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. 04.08.2018-ലെ സ.ഉ.(അച്ചടി)നം. 119/2018/ധന, 17.12.2022-ലെ സ.ഉ(സാധാ)നം.145/2022/ധന എന്നീ ഉത്തരവുകൾ പ്രകാരം ഒരു സാമ്പത്തിക വർഷത്തെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ വർഷത്തെ ടെൻഡർ സേവിംഗ്സ് കണക്കാക്കാൻ കഴിയുകയുള്ളൂ. 2017-18, 2018-19, 2019-20, 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് തുക കണക്കാക്കാൻ നിർവ്വാഹമില്ല.<br><br>എം.എൽ.എ-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ (അച്ചടി) 161/2017/ധന പ്രകാരം ടെൻഡർ സേവിംഗ്സ് അനുവദനീയമല്ല. |
| (ബി) | ടെൻഡർ സേവിംഗ്സ് ഇനത്തിൽ മിച്ചമുള്ള തുക സമയബന്ധിതമായി എം.എൽ.എ. മാരെ അറിയിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ